# പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: T 818 12.06.2013 - ൽ മറുപടിക്ക്

## തൃശൂർ ഗവ.മെഡിക്കൽ കോളേജിലെ ശുദ്ധജല വിതരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി | പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) മെഡിക്കൽ കോളേജിൽ ശുദ്ധ ജലം എത്തിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ടോ; | (ബി) ഉണ്ട്. |
| (സി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ? | (സി) തൃശ്ശൂർ ശുദ്ധജല പദ്ധതിയിൽ നിന്നും മെഡിക്കൽ കോളേജിലേയ്ക്ക് പ്രതിദിനം 6 ലക്ഷം ലിറ്റർ വെള്ളം നൽകുന്നുണ്ട്. ഇത് പര്യാപ്തമല്ലാത്തതിനാൽ കൂടുതൽ വെള്ളം എത്തിക്കുന്നതിനു വേണ്ടി സാർക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി തൃശ്ശൂർ കുടിവെള്ള വിതരണ വിപുലീകരണ പദ്ധതിക്ക് 1238 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയിൽപ്പെടുത്തി മൈലിപ്പാടത്തു നിന്നും ചേറൂർ ഭൂതല സംഭരണി വരെ 500 എം.എം ഡി.ഐ കെ-9 3.9 കി.മീ പൈപ്പ്ലൈൻ ഇട്ട് പീച്ചിയിൽ നിന്നും കൂടുതൽ ജലം സംഭരണിയിൽ എത്തിച്ച് മെഡിക്കൽ കോളേജിന് നൽകുവാനാണ് പദ്ധതി. ഈ പദ്ധതിയുടെ പൈപ്പ് ഇടുന്ന പണികൾ പുരോഗമിച്ചു വരുന്നു. 1365 മീ പൈപ്പ് ലൈൻ പൂർത്തീകരിച്ചിട്ടുണ്ട്. ഡിസംബർ മാസത്തോടെ പണികൾ പൂർത്തീകരിച്ച് മെഡിക്കൽ കോളേജിന് കൂടുതൽ ശുദ്ധജലം എത്തിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ